പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2745 21.06.2012 - ൽ മറുപടിക്ക്**

**സപ്ലൈകോയിൽ വില്പനയ്ക്ക് നിയന്ത്രണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. എ.കെ. ബാലൻ**<br>**" എളമരം കരീം**<br>**" ബാബു എം. പാലിശ്ശേരി**<br>**" കെ.കെ. നാരായണൻ** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)** |
| എ) സപ്ലൈകോയിൽ നിത്യോപയോഗ സാധനങ്ങളുടെ വില്പനയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ആവശ്യത്തിന് സാധനങ്ങൾ ലഭ്യമല്ലാത്ത അവസ്ഥയുണ്ടോ; | എ) സർക്കാർ അനുവദിക്കുന്ന സബ്സിഡി വിലകളുടെ പ്രയോജനം പരമാവധി ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി സബ്സിഡി വിലകളിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ ഓരോ കാർഡുടമകൾക്കും ഒരു നിശ്ചിത അളവായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ അളവിൽ കൂടുതൽ സാധനങ്ങൾ ആവശ്യമുള്ള ഉപഭോക്താക്കൾക്ക് അവ പൊതു വിപണിയേക്കാൾ ശരാശരി 20% വരെ കുറവുള്ള ഫ്രീസെയിൽ സബ്സിഡി വിലകളിൽ ഉപഭോക്താക്കൾക്ക് ആവശ്യമുള്ളത്ര അളവിൽ ലഭ്യമാക്കുന്നുണ്ട്. ആവശ്യത്തിന് സാധനങ്ങൾ ലഭ്യമല്ലാത്ത അവസ്ഥ നിലവിൽ ഇല്ല. |
| ബി) സബ്സിഡി തുകയടക്കം സർക്കാരിൽ നിന്നും എത്ര കോടി രൂപ ലഭിക്കാനുണ്ട്; | ബി) സബ്സിഡി തുകയടക്കം 283.75 കോടി രൂപ സപ്ലൈകോയ്ക്ക് ലഭിക്കുവാനുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇത് ലഭിക്കാത്തതുമൂലം സ്ഥാപനത്തിന് പൊതുവിപണിയിൽ ഇടപെടാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; | സി) | ഇല്ല. |
| ഡി) | 2011 ഏപ്രിൽ 1 മുതൽ നാളിതുവരെയുള്ള സപ്ലൈകോ മൊത്ത വില്പനയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതേ കാലയളവിൽ സബ്സിഡി അനുവദിച്ച ഇനത്തിൽ ലഭിക്കേണ്ട തുക എത്ര; സർക്കാരിൽ നിന്നും ലഭിച്ച തുക എത്ര; | ഡി) | 2011 ഏപ്രിൽ മുതലുള്ള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മൊത്തം വിൽപ്പന 3057 കോടി രൂപയാണ്. 2011-12 സാമ്പത്തിക വർഷത്തിൽ സബ്സിഡി ഇനത്തിൽ 118.35 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട് 2012-2013 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള 50 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഇ) | സപ്ലൈകോവഴിയുള്ള മാർക്കറ്റ് ഇന്റർവെൻഷൻ ഓപ്പറേഷന് നടപ്പുവർഷത്തെ ബഡ്ജറ്റ് പ്രൊവിഷൻ എത്രയാണ്? | ഇ) | 2012-2013 സാമ്പത്തിക വർഷത്തെ ബജറ്റിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.